## മഹാത്മാഗാന്ധി സർവ്വകലാശാല

പി.ഡി ഹിൽസ്

നം. ഇ ഐ 35/1/എം.ബി.എ/2016

തീയതി **31.07.2017**

## വിജ്ഞാപനം

വിഷയം:-മാക്ഫാസ്റ്റ് കോളേജ്,തിരുവല്ല-തടഞ്ഞുവെച്ച മൂന്നാം സെമസ്റ്റർ എം.ബി എ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നത്- സംബന്ധിച്ച്:-

2016 നവമ്പർ മാസം നടന്ന മൂന്നാം സെമസ്റ്റർ എം.ബി.എ പരീക്ഷ എഴുതിയ മാക്ഫാസ്റ്റ് കോളേജ് തിരുവല്ലയിലെ വിദ്യാർത്ഥികളുടെ തടഞ്ഞുവെച്ച പരീക്ഷാഫലം, 26.07.2017 ലെ ബഹു: ഹൈക്കോടതിയുടെ W.P (C) No.3634/2016(D) യുടെ അന്തിമവിധിക്ക് വിധേയമായി താത്കാലികമായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ടി പരീക്ഷയുടെ ഉത്തരക്കടലാസുകൾ പുനഃപരിശോധന നടത്തുന്നതിന് ഓരോ പേപ്പറിനും Rs. 350/-(മുന്നൂറ്റിയൻപത് രൂപ) വീതം ഫീസടച്ച് നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറത്തോടൊപ്പം 13.08.2017 നോ അതിനു മുൻപോ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

ഉത്തരക്കടലാസുകൾ സൂക്ഷ്മ പരിശോധനയ്ക്ക് സമർപ്പിക്കേണ്ട വിദ്യാർത്ഥികൾ, ഓരോ പേപ്പറിനും Rs. 140/-(നൂറ്റിനാൽപ്പത് രൂപ) വീതം ഫീസടച്ച് നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറത്തോടൊപ്പം 13.08.2017 നോ അതിനു മുൻപോ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

ഉത്തരക്കടലാസുകൾ പുനഃപരിശോധനയ്ക്കും സൂക്ഷ്മപരിശോധനയ്ക്കും സമർപ്പിക്കാനുള്ള അപേക്ഷാഫോറം യൂണിവേഴ്സിറ്റി സ്റ്റോറിൽ നിന്നും 25/- രൂപയ്ക്ക് ലഭ്യമാണ് .അപേക്ഷാഫോമുകൾ യൂണിവേഴ്സിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാണ്.വിലാസം www.mgu.ac.in

അപേക്ഷാഫോമിനോടൊപ്പം മാർക്ക് ലിസ്റ്റ് അഥവാ ഹാൾ ടിക്കറ്റിന്റെ പകർപ്പും സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
**പരീക്ഷാ കൺട്രോളർ**

പകർപ്പ്

1. പ്രിൻസിപ്പാൾ, മാക്ഫാസ്റ്റ്, തിരുവല്ല
2. പി എ (പരീക്ഷാ കൺട്രോളർ)
3. അന്വേഷണ വിഭാഗം/ സി.എം.എസ് വിഭാഗം
4. എക്സാം ലീഗൽ
5. ഇ ജെ 2/ഇ ജെ 8
6. സി ടെക്സ്
7. ഇ എ 1 വിഭാഗം
8. പി ആർ ഓ
9. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

അംഗീകാരത്തോടെ
Susan
സെക്ഷൻ ഓഫീസർ